## മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: ശ്രീ. വി.പി.സുകുമാരൻ)

വിഷയം:- മലപ്പുറം ജില്ല- പഞ്ചായത്ത് വകുപ്പ് - ഓഫീസ് അറ്റന്റന്റുമാരുടെ റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ജി.ഒ(പി) നമ്പർ 817/95(58)ഫിൻ തീയതി:14/11/1995.
2) ജി.ഒ(ആർടി)നമ്പർ 189/08/പി&എആർഡി തീയതി 15/10/2008.
3) ഈ ഓഫീസിലെ 28/11/2012 ലെ ഇതേ നമ്പർ ഉത്തരവ്.
4) ജിഒ(എംഎസ്)നമ്പർ 22/12/പി&എആർഡി തീയതി 4/5/2012.
5) ജി.ഒ(പി)നമ്പർ 515/07/ഫിൻ തീയതി 19/10/2007.
6) ഈ ഓഫീസിലെ 01/12/2012 ലെ ഡി3-9757/2008(1) നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: ഡി3-9757/2008 തീയ്യതി: 03/06/2014**

മേൽ പരാമർശഉത്തരവുകൾ പ്രകാരവും ഡബ്ലിയു.പി.(സി) നമ്പർ 37874/07 കേസിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച മലപ്പുറം ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റന്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അനുവദനീയ തസ്തികകളുടെ 2:1 അനുപാതത്തിൽ പരാമർശം (6) പ്രകാരം റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

പരാമർശം (6) ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചവരിൽ നിന്നും വിരമിച്ചവർ, മരണപ്പെട്ടവർ, തസ്തികമാറ്റം വഴി/അന്തർജില്ലാ സ്ഥലംമാറ്റം വഴി വിടുതൽ ചെയ്തവർ എന്നിവ കണക്കാക്കി താഴെ പട്ടികയിൽ ചേർത്ത ജീവനക്കാർക്ക് അവരുടെ പേരിനുനേരെ ചേർത്ത തിയതി പ്രാബല്യത്തിൽ റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി നമ്പർ | ജീവനക്കാരന്റെ പേര് | ഓഫീസ് | പ്രാബല്യ തിയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 54 | അബ്ദുൽ ലത്തീഫ്.പി | എടപ്പറ്റ ഗ്രാമ പഞ്ചായത്ത്. | 02/12/2012 | |
| 2 | 75 | മൊയ്തീൻ.റ്റി.കെ | എടയൂർ ഗ്രാമ പഞ്ചായത്ത്. | 02/12/2012 | |
| 3 | 77 | രതീഷ്കുമാർ. ആർ.പി | ഡി.ഡി.പി ഓഫീസ് | 02/12/2012 | വിനോദ് ബാബു കെ ഡി.ഡി.പി ഓഫീസ് വകുപ്പ് വിട്ട ഒഴിവിൽ |
| 4 | 79 | ദിനേഷ്കുമാർ. വി | വളാഞ്ചേരി ഗ്രാമ പഞ്ചായത്ത്. | 02/12/2012 | നിബു.ജെ ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് ആലപ്പുഴ ജില്ലയിലേക്ക് സ്ഥലംമാറിപ്പോയ ഒഴിവിൽ |

| | | | | | |
|---|---|---|---|---|---|
| 5 | 80 | ബൈജു.ഇ.പി | പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത് | 05/03/2013 | നിദീഷ് കുമാർ. ടി പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് വകുപ്പു വിട്ട ഒഴിവിൽ |
| 6 | 81 | കണ്ണൻ.കെ | കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് | 30/09/2013 | വിനോദ് കെ.കെ വെട്ടം ഗ്രാമ പഞ്ചായത്ത് മരണപ്പെട്ട ഒഴിവിൽ |
| 7 | 83 | പത്മിനി കെ | ചോക്കാട് ഗ്രാമ പഞ്ചായത്ത് | 30/09/2013 | ഗോപാലകൃഷ്ണൻ എൻ.പി കോഡൂർ ഗ്രാമ പഞ്ചായത്ത് വിരമിച്ച ഒഴിവിൽ |
| 8 | 84 | ഉദയഭാനു.പി | അമരമ്പലം ഗ്രാമ പഞ്ചായത്ത് | 30/11/2013 | സരോജിനി പി.എം തുവ്വൂർ ഗ്രാമ പഞ്ചായത്ത് വിരമിച്ച ഒഴിവിൽ |
| 9 | 85 | ഉണ്ണികൃഷ്ണൻ ഒ | അമരമ്പലം ഗ്രാമ പഞ്ചായത്ത്. | 31/03/2014 | ലക്ഷ്മി എം വണ്ടൂർ ഗ്രാമ പഞ്ചായത്ത് വിരമിച്ച ഒഴിവിൽ |

റേഷ്യോ പ്രമോഷന് അർഹരായിട്ടുള്ളവർക്ക് കെ.എസ്.ആർ.ചട്ടങ്ങൾ പ്രകാരവും അതത് കാലങ്ങളിലെ ശമ്പള ഉത്തരവുകളുടെ അടിസ്ഥാനത്തിലും ശമ്പളം പുനർനിർണ്ണയിക്കാവുന്നതും പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളാനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതുമാണ്.

റേഷ്യോ പ്രമോഷൻ അനുവദിച്ച തീയതിക്കു മുൻപായി സേവന ദൈർഘ്യ പ്രകാരം സമയബന്ധിത ഗ്രേഡ് ലഭിച്ചവർക്കും മറ്റേതെങ്കിലും ഉത്തരവുകളിലൂടെ അർഹമായ ഉയർന്ന ശമ്പള സ്കെയിലുകൾ ലഭിച്ചവർക്കും പ്രസ്തുത തീയതിയിൽ തന്നെ ആനുകൂല്യം തുടരാവുന്നതാണ്.

റേഷ്യോ പ്രമോഷൻ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
വി.പി.സുകുമാരൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം.

പകർപ്പ്: 1) പഞ്ചായത്ത് അസി.ഡയറക്ടർ,മലപ്പുറം.
2) മുഴുവൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
3) ഡി8/ഡി1 സെക്ഷൻ.
4) ഫയൽ/കരുതൽ/അധികം

/ആജ്ഞാനുസരണം/

ജൂനിയർ സൂപ്രണ്ട്.